# നോക്കെത്താദൂരത്ത് എന്റെ സാറ ഉറങ്ങാതിരിക്കുന്നു

കഥ - ശിവദാസൻ.എ.കെ

സാറ,*സെൻജാറിലെ കുന്നുകൾക്ക് ഇപ്പോൾ എന്ത് നിറമാണ്?അശാന്തി മണൽത്തരികളെപ്പോലും പഴുപ്പിച്ചിരിക്കുന്നു.ജീവിതം വഴിമുട്ടുന്നിടത്ത് നിറങ്ങൾക്ക് പ്രസക്തിയുണ്ടാകുമോ?നോക്കെത്താദൂരത്ത് ഉയിർത്തെഴുനേൽക്കുവാനോ,നീ വർക്ഷ ങ്ങൾക്ക് മുൻപേ ഇവിടം വിട്ടു പോയത്.എനിക്ക് മനസ്സിലാകുന്നില്ല.നീയെങ്ങനെ അവിടെ യെത്തിയെന്ന്.

പത്തുവർക്ഷങ്ങൾക്കുശേഷം വീണ്ടും നീയെന്നെ പിടിച്ചുകുലുക്കുകയാണ്.യു ഫ്രട്ടിസിന്റെയും ടൈഗ്രീസിന്റെയും തീരങ്ങളിൽ അശാന്തികൾ ഓളം വെട്ടുന്നതിന്റെ വാർത്തകളായിരുന്നെങ്ങും.ഒരു കൂട്ടം മനുഷ്യരുടെ കൂട്ടപ്പാലായനത്തിന്റെ ഒരൊറ്റച്ചിത്രം ഏതോ സാഹസികന്റെ ക്യാമറയിൽ വിരിഞ്ഞത്,ഫെയ്സ് ബുക്ക്താളുകളിൽപ്പെട്ട് പാറിപ്പ റന്നെത്തിയത്.ഇടിമിന്നൽപ്പോലെയാണ് അത് കണ്ണിൽത്തടഞ്ഞത്.ആൾക്കൂട്ടത്തിനിടയിൽ നിന്ന് പിന്തിരിഞ്ഞു നോക്കുന്ന മൂടുപടം മാറിപ്പോയ ഒരു പെൺകുട്ടിയുടെ മുഖം.മരുഭൂമി യുടെ കനൽക്കാറ്റുലച്ച ദൈന്യമായ കണ്ണുകൾ.അത് നീയായിരുന്നു,സാറ.നീയല്ലെ ങ്കിൽപ്പിന്നെ അത് മറ്റാരാണ്?നിന്റെ അതേ കണ്ണുകൾ.അതേ ചുണ്ടുകൾ.വട്ടമുഖം.കവി ളിലെ ഈർക്കിലിത്തുമ്പിനോളം പോന്ന കറുത്ത മറുക്.നിന്നെ ഏതാൾക്കൂട്ടത്തിലും ഞാനറിയും.അങ്ങനെ ഞാൻ മാത്രമേയുള്ളൂ.ഫെയ്സ് ബുക്കിന്റെ ജീവനില്ലാത്ത ക്ളോസ പ്പിൽ നിന്നും നീ നോക്കിയത് എന്നെത്തന്നെയായിരുന്നില്ലെ.

നാം ആദ്യം കണ്ടത് നീയോർക്കുന്നുവോ?എനിക്കതോർക്കാനെ കഴിയുന്നി ല്ല.ഒരു കാലം മുഴുവൻ നീയായിരുന്നു.അതെവിടെ തുടങ്ങാനാണ്.നീയത്ഭുതപ്പെടാറില്ലെ, വണ്ടി മുന്നോട്ടോടുമ്പോൾ പിന്നോട്ടോടുന്ന മരങ്ങൾ എവിടെച്ചെന്ന് വീഴുമെന്ന്.അതു പോലെ എന്റെ ഓർമ്മകളും കടിഞ്ഞാണില്ലാതെ പിന്നോട്ടാണ്.തടുത്തുനിർത്താൻ കാല ത്തിന്റെ ഒരു ഭിത്തി അതു മാത്രമില്ല.ആദ്യമായി നിന്റെ വിരലിൽ തൊട്ടത്.കൈ കവർന്നെ ടുത്ത് നടക്കാറുള്ളത്.ചിലപ്പോൾ നിന്നോടു സംസാരിക്കാൻ ഞാൻ കുറ്റിക്കാട്ടിലൊളിക്കാ റില്ലെ.പൂക്കൾ പറിയ്ക്കാനെന്ന പോലെ നീയതിനോട് ചേർന്നു നിൽക്കും.കുറ്റിക്കാടുക ളിൽ അപ്പടി പ്രണയത്തോടുള്ള എതിർപ്പായിരുന്നു.ശരീരത്തിലേക്ക് അനുവാദമില്ലാതെ പടർന്നു കയറുന്ന നിരവധി പ്രാണികൾ.നമ്മുടെ പ്രണയവഴികളിലെല്ലാം അവരുണ്ടായിരു ന്നു.ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ.നാമെന്നെങ്കിലും ഒരുമിക്കുമോയെന്ന് നീയെത്രവട്ടം ചോദിച്ചിരിക്കുന്നു.അതൊരു സ്വപ്നമായിരുന്നു സാറ.അതിന്റെ പരിണാമം ആര് നിശ്ചയിക്കാനാണ്.

ഞാൻ നിന്നോടു മാപ്പു ചോദിക്കട്ടെ.പിന്നിട്ട കാലത്തെ നീതികേടിന്.മറ്റൊരു വസന്തത്തിന്റെ പൂക്കളിൽ പാറുകയായിരുന്നു ഞാൻ.സൽമ എന്നാണവളുടെ പേര്.ന മ്മുടെ പ്രണയം പോലെ വെല്ലുവിളികൾക്കൊണ്ടലങ്കരിച്ചതായിരുന്നില്ല അത്.സൽമയെ എനിക്കു വിവാഹം കഴിച്ചു തരാൻ അവളുടെ വീട്ടുകാർ എപ്പഴേ തയ്യാറാണ്.

*യെസീദികൾ എന്നറിയപ്പെടുന്ന കുർദ്ദിഷ് ന്യൂനപക്ഷങ്ങൾ പ്രധാനമായും സെൻജാ റിലെ മലനിരകളിലാണ് താമസിക്കുന്നത്.

ഐ.ടി കമ്പനികളിലെ ഉയർന്ന ശമ്പളത്തിന് എന്തെല്ലാം മാജിക്കുകളാണ് കാട്ടാനാകുക.

അവൾക്ക് നിന്റെ ഒരു ഛായയുമില്ല.പക്ഷേ അതേ നിറമാണ്.ചിലപ്പോഴെല്ലാം ഞാനറിയാതെ അവളിൽ നിന്നെത്തിരയാറുണ്ട്.ഒരു പുഞ്ചിരിയിൽ അല്ലെങ്കിൽ നാണം കുണുങ്ങലിൽ നീയവളിൽ ഉണരുന്നതു കാണാൻ.പക്ഷെ നീയുണർന്നത് അവിടെയെങ്ങുമല്ലല്ലോ. നിന്റെ കാലടികളിൽ മണലുപൂക്കുന്നു.എന്റെ കേൾവിക്കപ്പുറം ഞാൻ ഏങ്ങലുകളുടെ ചുടുനിശ്വാസം തിരിച്ചറിയുന്നു.

നമുക്കിടയിൽ കടന്നുപോയ ക്രിസ്മസ് രാത്രികളെന്റെ മനസ്സിൽ നിറയുന്നു.പാതിരാവിൽ ദൈവപുത്രന്റെ പിറവിയിൽ കുലുങ്ങിച്ചിരിക്കുന്ന പള്ളിമണികൾക്ക് കീഴെ മഞ്ഞുതുള്ളിയുറഞ്ഞുകൂടിയ പോലെ നീയെത്തുമ്പോൾ എന്നോളം ഭാഗ്യവാനായൊരാളില്ലെന്ന് ഞാനഹങ്കരിച്ചിരുന്നു.പള്ളിമണികൾ മുഴങ്ങിയത് നമുക്ക് വേണ്ടിയായിരുന്നു.നിറയുന്ന സംഗീതം നമുക്ക് വേണ്ടിയായിരുന്നു.രാത്രി വൈകിയിട്ടും ഉറങ്ങാത്ത നക്ഷത്രങ്ങൾ നമ്മെ നോക്കിനിന്നു.അവ അസൂയപ്പെട്ടിരിക്കുമോ?സ്വർഗ്ഗത്തിന്റെ അസൂയ ഭൂമിക്ക് താങ്ങാനാവുമോ.നാം അവസാനമായിക്കണ്ട ക്രിസ്മസ്സ് മറക്കാനാകില്ലല്ലോ.പൂക്കൾക്കൊണ്ടലന്കരിച്ച് നീയൊരു മണവാട്ടിയെപ്പോലെ.വെള്ള വസ്ത്രത്തിൽ അണിഞ്ഞൊരുങ്ങി.നക്ഷത്രങ്ങൾക്ക് കണ്ണീരുണ്ടെന്ന് ഞാൻ കണ്ടു.അവ മിന്നാമിനുങ്ങുകളായി ആ രാത്രി മുഴുവനുമുണ്ടായിരുന്നു.

ഇപ്പോഴന്റെ കണ്ണീരിൽക്കുതിർന്ന് ഈ എഴുത്ത് നനഞ്ഞിരിക്കുന്നു.ഈ മുറിക്കപ്പുറം ഇരുട്ടിലൂടെ ഒരു ശവവണ്ടി നിലവിളിച്ചു പോകുന്നു.അവിടെ ശവവണ്ടികളുണ്ടോ?. ഞാൻ യുദ്ധം കണ്ടിട്ടില്ല.അതിന്റെ ഏത് ഭീകരതയും ഒരു നിമിഷാർദ്ധത്തിലെ ഞെട്ടൽ മാത്രമാണെനിക്ക്.ആർത്തനാദങ്ങൾക്ക് മതമുണ്ടോ?എനിക്കത് തിരിച്ചറിയാനായിട്ടില്ല.ഫെയ്സ്ബുക്കിലെ മുഖങ്ങളിൽ ഞാനത് കാണുന്നു.ഓരോയിടത്തെയും കരച്ചിലുകൾ അവർ പകുത്തെടുത്തിരിക്കുന്നു.കൂടെക്കരയാൻ നഷ്ടപ്പെട്ട ആത്മാക്കൾക്ക് എന്തിനാണ് പേര്. അങ്ങനെയെങ്കിൽ നീയേതു കൂട്ടത്തിലാണ്.നിനക്ക് വേണ്ടിക്കരയാൻ ലോകത്തിൽ നിങ്ങളുടേത് എന്നു പറയാൻ ആളുകളുണ്ടോ?പക്ഷേ ഞാനുണ്ട്.അതിനു വേണ്ടി മാത്രമാണ് നിന്റ മുഖം അജ്ഞാതനായ ഫോട്ടോഗ്രാഫർ വച്ചു നീട്ടിയത്.എനിക്ക് ഉയിർപ്പിന്റെ തിരുനാൾ രണ്ടായിരിക്കുന്നു.അതിലൊന്ന് നിന്റെ ഉയിർപ്പാണ്.

ഞാൻ സൽമയോട് എന്ത് പറയാനാണ്.അവളെന്നെ വിശ്വാസവഞ്ചകനെന്നു വിളിക്കുമായിരിക്കും.അതോ ഭ്രാന്തായെന്നു കരുതുമോ.കണ്ണുകൾക്കും കാതുകൾക്കും അപ്പുറത്ത് അജ്ഞാതമായ കുന്നിൻപുറങ്ങളിൽ ഞാനെങ്ങനെ നിന്നെത്തിരയാനാണ്.പക്ഷേ ,ഇനി എനിക്ക് നിന്നെ ഉപേക്ഷിക്കുവാൻ വയ്യ.സൽമ എന്തു വേണമെങ്കിലും വിളിക്കട്ടെ.ഇപ്പോൾ ഞാൻ ഉരുകിത്തീരുന്ന മെഴുകുതിരി പോലെ ഒറ്റക്കാണ്.

സാറ പ്രിയപ്പെട്ടവളെ,ഏതോ ദേശത്ത് പകൽ ചുട്ട മണലിൽ നിന്ന് കരിന്തേളുകൾ കുന്നുകളിലേക്ക് ഇഴഞ്ഞു കയറുന്നത് ഞാൻ കാണുന്നു.നിനക്ക് വേണ്ടി ഏത് ദൈവത്തോടാണ് പ്രാർത്ഥിക്കേണ്ടത്.പ്രാർത്ഥനയുടെ വഴികളെല്ലാം ആളുകൾ പകുത്തെടുത്തിരിക്കുന്നു.അനന്തമായ സൂര്യരശ്മികൾ നിന്റെ മുഖത്ത് തട്ടി എന്നെ ത്തേടി വരുന്നുണ്ട്. നാളെ പുലരുമ്പോൾ എന്റെ ഹൃദയം ചാലിച്ച കുറിമാനം ഞാനൊരു വെയിൽനാളത്തിൽ കൊരുത്തിടും.അത് നിന്നോടു പറയും.സിംഹങ്ങളുടെ ഗുഹകൾ വിട്ട് എന്റെ കൂടെ വന്നാലും എന്ന്.എനിക്കറിയാം സാറ സത്യമായിട്ടും ഓരോ ഉയിർപ്പുകൾക്കും ഓരോ ഉദ്ദേശ്യമുണ്ട്.

വാതിൽപ്പഴുതിലൂടെത്തുന്ന തണുത്ത കാറ്റ് ഉത്കണ്ഠപ്പെടുന്നു.രാവേറിയിട്ടും ഞാനുറ ങ്ങാത്തതെന്തെന്ന്.ഞാനെങ്ങനെഉറങ്ങാനാണ്.*ലാലെയുടെ താഴ് വാരങ്ങളിൽ കറുത്ത കാറ്റു വീശുന്നു.വിശുദ്ധ ശവകുടീരത്തിനു മേൽ നിഴൽ വീണിരിക്കുന്നു.അവിടെയെവി ടെയോ എന്റെ സാറ ഉറങ്ങാതിരിക്കുന്നുണ്ട് എന്നറിഞ്ഞതു മുതൽ.

-------------------

*12 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഷെയ്ക്ക് ആദി യെസീദികളിൽ വലിയ സ്വാധീനം ചെലുത്തിയ നേതാവാണ്.ഇദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ലാലെ താഴ് വര യെസീദികളുടെ ഒരു തീർത്ഥാടനകേന്ദ്രമാണ്.